റിയുടെ മുൻപിൽ തൊഴിലാളികളാരും പെറിഷൻ കൊടുത്തതു കൊണ്ടല്ല, ബോർഡ് സുവോമോട്ടോ ആയിട്ടാണ് 36 കേസ്സുകൾ പിടിച്ചത്. ഇനിയും ഇക്കാര്യങ്ങളിൽ നടപടിയെടുക്കാൻ തയ്യാറാണെന്ന് വിനയപൂർവം ഗൗരിയമ്മയെപോലുള്ള ആളുകളോട് എനിക്ക് പറയാനുണ്ട്. കൊല്ലം വളരെ പ്രധാനപ്പെട്ട തൊഴിലാളി സംഘടനാ മേഖലയാണ്. അവരുടെ വികാരം ഗവൺമെൻറ് മാനിക്കുന്നു. അതിന് യാതൊരു സംശയവുമില്ല. എന്നാൽ കൃത്രിമങ്ങൾ കണ്ടുപിടിക്കുന്നതിന് ഗവൺമെൻറ് ഒന്നും ചെയ്യുന്നില്ല, ഗവൺമെൻറ് മുതലാളിമാർക്ക് കൂട്ടുനിൽക്കുന്നുവെന്ന് ആരോപിച്ചിട്ടുള്ളത് ശരിയല്ല. ഞാൻ അത് നിഷേധിക്കുകയാണ്. ഡി. എ. യും മറ്റ് അലവൻസുകളും മുതലാളിമാർ കൊടുക്കുന്നില്ലെങ്കിൽ, ഇത് സംബന്ധിച്ച് രേഖാമൂലം പരാതി കൊടുക്കുവാൻ ഗൗരിയമ്മ ഉൾപ്പെടെയുള്ളവർ ശ്രമിക്കണമെന്ന് കൂടി ഞാൻ വിനയപൂർവം അപേക്ഷിക്കുന്നു. ഇവിടെ ഇതിനെക്കുറിച്ച്, അടിയന്തിരമായി സഭ നിർത്തിവച്ച് ചർച്ച ചേയ്യേണ്ട കാര്യമില്ല. ഇക്കാര്യങ്ങളെല്ലാം ഗവൺമെൻറ് ഇതിന് മുൻപ് പലപ്പോഴും പറഞ്ഞിട്ടുള്ളതാണ്. എല്ലാ നിയമസഭയിലും, എന്റെ പ്രഗൽഭനായ സുഹൃത്ത് ശ്രീ. ആർ. എസ്. ഉണ്ണി ഇതിനേക്കാൾ വളരെയധികം ശക്തമായി ആവശ്യങ്ങൾ നിരത്തിവച്ചിട്ടുള്ളതാണ്. അതുകൊണ്ട്, ഇപ്പോൾ ഇതുസംബന്ധിച്ച് ചർച്ചയുടെ ആവശ്യമില്ലെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്

മി. സ്പീക്കർ: ബഹുമാനപ്പെട്ട വ്യവസായവകുപ്പ് മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ, ഈ അടിയന്തിരപ്രമേയത്തിന് അനുമതി നിഷേധിക്കുകയാണ്.

## III ശ്രദ്ധ ക്ഷണിക്കൽ

### (1) മാപ്പിളബേ പദ്ധതിയുടെ സ്തംഭനാവസ്ഥ

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, കണ്ണൂർ ജില്ലയിലെ ആയിരക്കണക്കിന് മത്സ്യത്തൊഴിലാളികളെയും അവരുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്ന ജനങ്ങളേയും ഉദ്ദേശിച്ചുകൊണ്ടാണ് 1961-ൽ ഇൻഡോ നോർവീജിയൻ പ്രോജക്ടിന് അനുസരിച്ച് മാപ്പിളബേയിൽ ഒരു പദ്ധതി ആരംഭിക്കുവാൻ തീരുമാനിച്ചത്. സർ, ആ പദ്ധതിക്കുവേണ്ടി സർക്കാർ പല ഘട്ടങ്ങളിലായി ഏതാണ്ട് 90 ലക്ഷത്തിലധികം രൂപ ചെലവഴിക്കുകയും ചെയ്തു. ആയിരം അടിനീളത്തിൽ ബ്രേക്ക്വാട്ടർ സൗകര്യമുണ്ടാക്കുന്നതിനും അതിനോടനുബന്ധിച്ച് 1500 അടി നീളത്തിൽ അപ്രോച്ചുറോഡ് ഉണ്ടാക്കുന്നതിനും അവിടെ ബോട്ടുകൾക്കും വഞ്ചികൾക്കുമൊക്കെ താവളമുറപ്പിക്കുന്നതിനും പറഞ്ഞിരുന്ന തരത്തിലുള്ള വിപുലമായ വികസന പദ്ധതിയായിരുന്നു അത്. ആ പദ്ധതിയുടെ മുഖ്യലക്ഷ്യവും അതായിരുന്നു. പക്ഷേ 1961-ൽ ആരംഭിച്ച ആ പദ്ധതി ഇന്നും സർക്കാരിന്റെ അനാസ്ഥയുടെ പ്രതീകമായി, അല്ലെങ്കിൽ സ്മാരകമായി, നിലനിൽക്കുകയാണ്. അവിടെ മണ്ണുമാന്തി ബോട്ടുകൾക്ക് അടുക്കാൻവേണ്ട സൗകര്യമുണ്ടാക്കുന്നതിനുവേണ്ടി മുറവിളി ഉയരുമ്പോഴെല്ലാം തുറമുഖവകുപ്പിന്റെ ചുമതല വഹിക്കുന്ന



LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിമാർ ഉടനെ മണ്ണുമാന്തുന്നതിനുള്ള ഏർപ്പാടുകളും ചെയ്യാമെന്നും കണ്ണൂരിലെ മത്സ്യത്തൊഴിലാളികൾക്ക് വാഗ്ദാനം നൽകും. ഒരിക്കൽ മന്ത്രിതന്നെ ഔദ്യോഗികമായി മുൻകൈയെടുത്തുകൊണ്ട് മണ്ണുമാന്തൽ ചടങ്ങിന്റെ ഉദ്ഘാടനംപോലും നിർവഹിച്ചു. പക്ഷേ അന്ന് അത് ഉദ്ഘാടനം ചെയ്തതല്ലാതെ പിന്നീട് അവിടെയുള്ള മണ്ണ് ആരും നീക്കം ചെയ്യുന്നതിന് ശ്രമിച്ചിട്ടില്ല. ഇത്രയധികം വികസനസാദ്ധ്യതയുള്ള ഒരു പദ്ധതി, സർക്കാരിന്റെ അനാസ്ഥകൊണ്ടാണ് നടപ്പിലാകാതെ പോകുന്നതെന്നു ഇതു സംബന്ധിച്ച് പാർലമെന്റിൽ സ്ഥലം എം. പി. ഒരു സബ്മിഷനിലൂടെ ഉന്നയിച്ചപ്പോൾ അതിനു മറുപടിയായി ശ്രീ. ബൂട്ടാസിങ്ങാണ് രേഖാമൂലം മറുപടി നൽകിയത്. ആ മറുപടിയിൽ അദ്ദേഹം പറഞ്ഞിരിക്കുന്നത് ഇപ്രകാരമാണ്: The Government of Kerala did not however, show any interest, in pursuing the studies required and therefore, the project has not been given adequate priority so far.

സർ, കേന്ദ്രഗവൺമെന്റിന്റെ മുൻപിൽ ഈ പദ്ധതിയെ സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടെന്നും പീച്ചിയിലെ എൻജിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് അതിനുള്ള പഠന റിപ്പോർട്ടു തയ്യാറാക്കിയിട്ടുണ്ടെന്നും, ആ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോടിക്കണക്കിനു രൂപ ചെലവഴിക്കുന്ന ഒരു പുതിയ പദ്ധതിയായി മാപ്പിളബേ പ്രവർത്തനം ആരംഭിക്കുമെന്നും ഫിഷറീസ് വകുപ്പിന്റെ ചുമതല വഹിക്കുന്ന മന്ത്രി കണ്ണൂരിൽവെച്ച് പ്രഖ്യാപിക്കുകയുണ്ടായി. ഇങ്ങനെയൊക്കെ ആയിരുന്നിട്ടും ആ പദ്ധതിയുടെ പ്രവർത്തനം മുടങ്ങിക്കിടക്കുകയാണ്. അതിന്റെ പ്രവർത്തനം ആരംഭിച്ചാൽ മാത്രമേ മലബാറിലെ ഏറ്റവും വലിയ മത്സ്യബന്ധന തുറമുഖങ്ങളിൽ ഒന്നായി ഈ മാപ്പിളബേയെ മാറിയെടുക്കാൻ കഴിയൂ. ഇനിയെങ്കിലും, ഈ അനാസ്ഥമാറി, പഠനറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ ഫണ്ട് അലോട്ടുചെയ്യുകയും പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ത്വരിതഗതിയിൽ നല്കുകയും ചെയ്യണം. അതോടൊപ്പം തന്നെ ഇപ്പോൾ മണ്ണുമൂടിക്കിടക്കുന്ന പ്രദേശങ്ങളിലെ മണ്ണ് നീക്കം ചെയ്യുകയും ബോട്ടുകൾക്ക് അടുക്കാൻ കഴിയാത്ത നിലവിലുള്ള സ്ഥിതിവിശേഷം ഒഴിവാക്കുന്നതിന് അവിടെ അടിയന്തിരമായി മണ്ണ് നീക്കം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ സ്വീകരിക്കുകയും വേണം. ഇല്ലെങ്കിൽ ലക്ഷക്കണക്കിന് രൂപ ചെലവഴിച്ച മത്സ്യത്തൊഴിലാളികളുടെ പ്രതീക്ഷയായിരുന്ന ആ തുറമുഖം എന്നന്നേക്കുമായി നഷ്ടപ്പെട്ടു പോകുന്ന സ്ഥിതിവിശേഷമുണ്ടാകും. അപ്രകാരമുള്ള ദുഃസ്ഥിതിയിൽ നിന്നും സംസ്ഥാനത്തെയും കണ്ണൂരിലെ മത്സ്യത്തൊഴിലാളികളേയും സംരക്ഷിക്കുന്നതിന് ബന്ധപ്പെട്ടവർ താല്പര്യം കാണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഫിഷറീസ്വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്) : സർ, കണ്ണൂർ ജില്ലയിലെ മാപ്പിളബേ ഒരു ഫിഷിംഗ് ഹാർബർ ആക്കുവാനുള്ള പദ്ധതിയുടെ പണി തുടങ്ങിയത് 1961-ലാണ്. ഈ പദ്ധതിയിൽ 1000 അടി നീളത്തിൽ പണിയാനുള്ള ബ്രേക്ക്വാട്ടറിന്റെ 800 അടിയോളം പൂർത്തിയായി. അപ്രോച്ച് റോഡ്, 163 അടി നീളമുള്ള വാർഫ്, ലേലഹാൾ, ഐസ്-കം-പ്രീസിംഗ് പ്ലാന്റ്, ബോട്ടു നിർമ്മാണശാല, വർക്ക്ഷോപ്പ്, മത്സ്യത്തൊഴിലാളികൾക്കുള്ള പരിശീലനകേന്ദ്രം എന്നിവക്കുള്ള പണികളും ഇതിനകം പൂർത്തിയായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ബ്രേക്ക്വാട്ടറിന്റെ നിർമ്മാണം 800 അടിയോളമായപ്പോഴേ വാർഫിന്റെ മുമ്പിലുള്ള ഹാർബർബേസിനിൽ ചെളികൂടി ഉണ്ടായതുമൂലം 1969-ൽ ഇതിന്റെപണി നിറുത്തിവെയ്ക്കേണ്ടിവന്നു. 76-ൽ കേന്ദ്രഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം ഈ പദ്ധതിയുടെ ബാക്കിയുള്ള നിർമ്മാണം നിറുത്തിവെക്കുകയും ഒരു മാതൃകാപഠനം നടത്തിയതിനുശേഷം ബാക്കിജോലികൾ പൂർത്തിയാക്കിയാൽ മതിയെന്നും തീരുമാനിക്കുകയാണുണ്ടായത്. ആ വർഷംതന്നെ ഇതിന്റെ നിർമ്മാണം പി. ഡബ്ല്യു. ഡി. യിൽനിന്നും ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റിലേക്ക് മാറ്റി. ഹാർബർ എഞ്ചിനീയറിംഗ്വിഭാഗം ഇതിനെക്കുറിച്ച് വ്യാപകമായപഠനം നടത്തി കൂടുതൽ സാങ്കേതിക ഉപദേശത്തിനായി പൂച്ചി എഞ്ചിനീയറിങ്ങ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ സമീപിച്ചു. മാതൃകാപഠനത്തിന്റെ റിപ്പോർട്ടും നോർവീജിയൻ സാങ്കേതിക വിദഗ്ദ്ധനായ പ്രൊഫസർ ബ്രൂണിന്റെ റിപ്പോർട്ടും 17-6-85-ൽ ലഭിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടുകൾ പ്രകാരം താഴെ പറയുന്ന കാര്യങ്ങളാണ് ഈ കാര്യത്തിൽ ചെയ്തുതീർക്കുവാനുള്ളത്:

1. ഒരു പ്രത്യേക ദിശയിലേക്ക് മുഖ്യബ്രേക്ക്വാട്ടറിന്റെ നീളം ഏതാണ്ട് 130 മീറ്റർ നീട്ടുക.
2. ഒരു ലീ-വാൾഡ് ബ്രേക്ക്വാട്ടർ നിർമ്മിക്കുക.
3. സിൽറ്റ് ട്രാപ്പ് നിർമ്മിക്കുക. ഇതിനുവേണ്ടി ഇതുവരെയായി 53.13 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

ഇതിന്റെ പുതുക്കിയ രൂപരേഖ 1986 സെപ്തംബർ മാസത്തോടുകൂടി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അതനുസരിച്ച് കേന്ദ്രഗവൺമെന്റിന്റെ അനുമതി ലഭിക്കും. ഈ വർഷത്തെ ബഡ്ജറ്റിൽ ഈ പദ്ധതിയുടെ നിർമ്മാണത്തിനുവേണ്ടി തുക വകകൊള്ളിച്ചിട്ടില്ലെങ്കിലും കേന്ദ്രഗവൺമെന്റിന്റെ സഹായം കിട്ടിയാൽ ഈ പണി പൂർത്തിയാക്കുന്നതാണ്.

ശ്രീ. എ. കെ. ശശീന്ദ്രൻ: പാർലമെന്റിൽ ചോദ്യം ചോദിച്ചപ്പോഴേ കേരളസർക്കാർ ഈ പദ്ധതിയെക്കുറിച്ച് ഒരിക്കലും വേണ്ടത്ര സമ്മർദ്ദം ചെലുത്തിയിട്ടില്ലെന്നും കേരള സർക്കാരിന്റെ ചെറുകിട ഹാർബർ പദ്ധതികളിൽ പ്രയോറിറ്റി ലിസ്റ്റിൽപോലും ഈ പദ്ധതിയുടെ പേർ ഉൾക്കൊള്ളിച്ചിട്ടില്ലെന്നും മന്ത്രി ബൂട്ടാസിംഗ് മറുപടി പറഞ്ഞിട്ടുണ്ട്. അതു ശരിയാണോ? ശരിയാണെങ്കിൽ അതു നടത്തിക്കിട്ടുന്നതിനുവേണ്ടിയുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുമോ?

ശ്രീ. എ. എൽ. ജേക്കബ്: അങ്ങനെ പറയുമെന്ന് എനിക്കു തോന്നുന്നില്ല. ഇതിനെപ്പറ്റി കേന്ദ്രഗവൺമെന്റിലേക്ക് എഴുതി അയച്ചിട്ടുണ്ട്.

## (2) കീരിയേലി മലയിലെ മണ്ണൊലിപ്പ്

ശ്രീ. കെ. ജി. ആർ. കർത്താ: സർ, തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിൽ തൃക്കാക്കര പഞ്ചായത്തിൽ ഫ്രീ ട്രേഡ് സോണിനു സ്ഥലമെടുത്തപ്പോഴേ 43 കുടുബങ്ങളെ കുടിയൊഴിപ്പിക്കുകയുണ്ടായി. അതുപോലെതന്നെ പാലാരിവട്ടം സിവിൽസ്റ്റേഷൻ റോഡ് വികസിപ്പിച്ചപ്പോഴേ ഏതാണ്ട് 50-ൽപരം കുടുംബങ്ങളെ അവിടെനിന്നും ഒഴിപ്പിക്കുകയുണ്ടായി. ബഹുമാനപ്പെട്ട ഗവൺമെന്റുമായി സംസാരിച്ച

LIBRARY ARCHIVES Kerala Legislative Assembly